വൈദ്യുതി വിഭ്യുതക്കുറവിന് പരിഹാരം

5 (6456) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി വിഭ്യുതക്കുറവ് പരിഹരിക്കുവാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഉത്തര-ദക്ഷിണ ഗ്രിഡുകൾ യോജിപ്പിച്ചുകൊണ്ടുള്ള ശൃംഖല രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉദുമൽപേട്ട-മാടക്കത്തറ ലൈനിലൂടെയുള്ള ഓവർലോഡ് കുറയ്ക്കുന്നതിന് മൈസൂർ-അരീക്കോട്-കൊച്ചി-ഇടമൺ ലൈനിന്റെ പൂർത്തീകരണം അടിയന്തരമായി നടത്തുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളം ഉൾപ്പെടുന്ന തെക്കൻ മേഖലയിലേക്ക് വൈദ്യുതി എത്തിക്കാനുള്ള ഇടനാഴിയുടെ (ട്രാൻസ്മിഷൻ കോറിഡോർ) അപര്യാപ്തതമൂലം മറ്റ് മേഖലകളിൽനിന്ന് കരാർചെയ്ത വൈദ്യുതിയുടെ ഒരു അംശംപോലും പലപ്പോഴും കേരളത്തിലേക്ക് എത്തിക്കാനാകാത്ത സാഹചര്യത്തിൽ തെക്കൻ മേഖലയിലുള്ള പദ്ധതികളിൽനിന്ന് മാത്രമായി വൈദ്യുതി കരാർ ചെയ്യുന്നുണ്ട്. ഇപ്രകാരം 2014 ജൂൺ മുതൽ 2015 ജനുവരിവരെ 348.5 മെഗാവാട്ടും തുടർന്ന് മേയ് വരെ 523.5 മെഗാവാട്ടും 2015 ജൂൺമുതൽ 2016 മേയ് വരെ 300 മെഗാവാട്ടും ദക്ഷിണമേഖലയിൽനിന്ന് കരാർ ചെയ്തിട്ടുണ്ട്.

(ബി) ഉത്തര-ദക്ഷിണ ഗ്രിഡുകൾ തമ്മിൽ യോജിപ്പിക്കുന്നതിന് കിഴക്കു പടിഞ്ഞാറൻ ഗ്രിഡ് വഴി നിലവിൽ ലൈനുകളുണ്ട്.

(സി) മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെയും ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെയും നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്.

എന്നാൽ റൈറ്റ് ഓഫ് വേ സംബന്ധിച്ച തർക്കങ്ങൾമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ

6 (6457) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി. നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly